STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.156/PR/SPMC/PHQ/2025 Date: 24.06.2025

# കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കും

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്യാമ്പസ് സുരക്ഷ വർധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ സർവ്വതോൻമുഖമായ ക്ഷേമം ഉറപ്പാക്കുന്നതിനുമായി കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച സർക്കുലർ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചു.

യുവതി യുവാക്കളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം, അക്രമം, സൈബർ ഭീഷണികൾ, സാമൂഹികവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ തടയുക, അവശ്യഘട്ടങ്ങളിൽ ഉടനടി സഹായം ലഭ്യമാക്കുക, കോളേജ് അധികൃതരും, പഠിതാക്കളും പോലീസുമായി ആരോഗ്യപരമായ സഹവർത്തനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംരക്ഷണ സമിതികൾ രൂപീകരിക്കുന്നത്

പ്രിൻസിപ്പൽ ചെയർപേഴ്സണും സ്റ്റേഷൻ ഹൗസ് ഓഫീസർ കൺവീനറുമായ സമിതിയിൽ വിദ്യാർത്ഥി പ്രതിനിധികൾ, വാർഡ് കൗൺസിലർ, പി.ടി.എ അംഗങ്ങൾ, പൗര പ്രമുഖർ തുടങ്ങിയവർ ഉൾപ്പെടും.

സംസ്ഥാനത്തെ കോളേജ് സംരക്ഷണ സമിതികളുടെ നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിനായിരിക്കും.

സമിതികളുടെ ഏകീകൃത പ്രവർത്തനം, ഫലപ്രാപ്തി, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമായി സംസ്ഥാന പോലീസ് മേധാവി, എക്സൈസ് കമ്മീഷണർ, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, വനിതാ ശിശു വകുപ്പ് ഡയറക്ടർമാർ അടങ്ങുന്ന സംസ്ഥാനതല സമിതിയും ജില്ലാതലത്തിൽ ഉപസമിതികളും ഉണ്ടാകും.

ജില്ലാതലങ്ങളിൽ ജില്ലാ പോലീസ് മേധാവി മേൽനോട്ടം വഹിക്കുന്ന സമിതികൾ രൂപീകരിക്കുകയും പതിവ് മീറ്റിംഗിലൂടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും. സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മികച്ച രീതികൾ പങ്കിടുന്നതിനുമായി ജില്ലാ വ്യാപകമായി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്യും.

വിദ്യാർത്ഥികളെയും ജീവനക്കാരെയും ശാക്തീകരിക്കുക, ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുക, സുരക്ഷാ ആശങ്കകൾ പരിഹരിക്കുക, ഒപ്പം സൈബർ സുരക്ഷ, ലഹരി വസ്തുക്കളുടെ ദുരുപയോഗം, മാനസിക ആരോഗ്യം തുടങ്ങി വിഷയങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകളും സമിതി നടത്തും. കൂടാതെ റോഡ് സുരക്ഷ വിദ്യാഭ്യാസവും, ദുരന്തനിവാരണ പരിശീലനവും, വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടികളും സംഘടിപ്പിക്കും.

വിദ്യാർത്ഥികൾക്ക് ഭയമില്ലാതെ പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള വേദി നൽകുകയും സമയബന്ധിതമായി പരിഹാരം ഉറപ്പാക്കുകയും ചെയ്യും. വിദ്യാർത്ഥികളുടെ സുരക്ഷയും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിന് മറ്റു വകുപ്പുകളായും ഏജൻസികളുമായും സഹകരിച്ച് പ്രവർത്തിക്കുന്നത്തിലൂടെ ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയാനും വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനും സമിതികൾക്ക് കഴിയും.

***********************